# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 901 10.02.2016 - ൽ മറുപടിക്ക്

## കുടിവെള്ള വില്പന മാഫിയ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ഉബൈദുള്ള** | ശ്രീ.പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള വില്പന മാഫിയക്ക് സഹായകമായി വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ ചില സ്ഥലങ്ങളിൽ പൈപ്പിലൂടെയുള്ള ശുദ്ധജല വിതരണം ദിവസങ്ങളോളം മുടക്കുന്നതായ ആവലാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ജനങ്ങൾക്ക് മുടക്കമില്ലാതെ ശുദ്ധജല വിതരണം നടത്തുന്നതിന് ആവശ്യമായ കർശന നടപടികൾ സ്വീകരിക്കുമോ? | (ബി) ജനങ്ങൾക്ക് മുടക്കമില്ലാതെ ശുദ്ധജലവിതരണം നടത്തുന്നതിന് വേണ്ടി വിതരണശൃംഖലയിലെ അറ്റകുറ്റപ്പണികൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ പരിഹരിക്കുകയും ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുകയും ചെയ്യാറുണ്ട്. സ്രോതസ്സു മുതൽ വിതരണം വരെയുള്ള എല്ലാ സംവിധാനങ്ങളും നിരന്തരം നിരീക്ഷിക്കുകയും ഇത് തടസ്സമില്ലാതെ പ്രവർത്തനക്ഷമമാക്കുന്നതിന് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നു. പ്രധാനപ്പെട്ട സ്റ്റേഷനുകളിൽ പ്രിവന്റീവ് മെയിന്റനൻസും നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ